Malappuram District Police

# വ്യാപാരിയെ തട്ടിക്കൊണ്ട് പോയി കവർച്ച ചെയ്ത കേസിൽ പ്രതികൾ പിടിയിൽ

(11.06.2017) പെരിന്തൽമണ്ണ: വ്യാപാരിയെ തട്ടികൊണ്ടു പോയി മോചനദ്രവ്യമായി ലക്ഷകണക്കിന് രൂപയും, ക്വാളിസ് കാറും കവർച്ച ചെയ്ത തമിഴ്നാട്ടിലെ 5 അംഗ കൊട്ടേഷൻ സംഘത്തെ പെരിന്തൽമണ്ണയിൽ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. നാമക്കൽ സ്വദേശികളായ വിനോദ്, വരധരാജ്, ഗൗരി ശങ്കർ, രാജേഷ് കുമാർ, ശബരീനാഥൻ എന്നിവരാണ് പിടിയിലായത്. തട്ടിക്കൊണ്ട് പോകൽ, കവർച്ച, വധശ്രമം തുടങ്ങി നിരവധി കേസുകളിൽ പ്രതിയാണ് ശബരിനാഥ്. മലപ്പുറം ജില്ലാ പോലീസ് മേധാവി ശ്രീ ദേബേഷ് കുമാർ ബെഹ്റയുടെ നിർദ്ദേശ്ശ പ്രകാരം പെരിന്തൽമണ്ണ ASP സുജിത് ദാസ് IPS, DySP എം.പി. മോഹനചന്ദ്രൻ, CI സാജു കെ അബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ നാമക്കൽ പോലീസിൻെറ കൂടി സഹായത്തോടെയാണ് നിരവധി കൊലപാതക കേസ്സുകളിലും, കവർച്ചാ കേസുകളിലുമുൾപ്പെട്ട 5 അംഗ സംഘത്തെ അറസ്റ്റ് ചെയ്തത്.